മുല്ലോട്ടണ

170. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിൽ പന്തളം തെക്കേക്കര വില്ലേജിൽ കിഴക്കതിർത്തിയിൽ മുല്ലോട്ടണ എന്ന ഒരണ കെട്ടുന്നുണ്ടോ ;

(ബി) എന്നു പണി തുടങ്ങി ;

(സി) അതിന്റെ പണി തീർന്നോ; ഇല്ലെങ്കിൽ എന്നു തീരും?

ഉത്തരം

(എ) ഉണ്ടു്.

(ബി) 22–9–61–ൽ പണി തുടങ്ങി ;

(സി) പണി തീർന്നിട്ടില്ല. ഈ സാമ്പത്തിക വർഷം അവസാനിക്കുമുമ്പുതന്നെ തീരുമെന്നു പ്രതീക്ഷിക്കുന്നു.

ആപ്പുഴ പാലം പണി

171. [8] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ ഡിവിഷനിൽ വൈക്കം സബ് ഡിവിഷനിൽ കടുത്തുരുത്തി വില്ലേജിൽ ആപ്പുഴ പാലം പണി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതു എന്നാണു് ;

(ബി) ടി ജോലി ഇതുവരെയും ആരംഭിക്കാതിരിക്കാൻ കാരണം എന്തു് ;

(സി) ടി പാലം പണിയുന്നതു് സംബന്ധിച്ചുള്ള നടപടികളിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഈ) ടി പാലം എത്രയും വേഗം പണിയുന്നതിനു് നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) 1960–61 സാമ്പത്തിക വർഷത്തിൽ.

(ബി) ധനദൗർലഭ്യം ആണു്.

(സി, ഡി) ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടുണ്ടു്.

(ഈ) ധനദൗർലഭ്യം കാരണം ഈ ജോലി ഇപ്പോൾ നടത്താൻ നിവൃത്തിയില്ല.

ഓവർ ബ്രിഡ്ജിന്റെ പണി

172. [10] ശ്രീ. എം. വി. വാസു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 ഡിസംബർ 31 ാം തീയതി അവസാനിക്കുന്ന കാലയളവിൽ രണ്ടാംമൂന്നും പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി സ്റ്റേറ്റിൽ എത്ര ഓവർ ബ്രിഡ്ജുകൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ടു് ;

(ബി) ഓലവക്കാട്ടു് ഓവർബ്രിഡ്ജിന്റെ പണി ഇപ്പോൾ എന്തു് നിലയിൽ എത്തിയിരിക്കുന്നു;

(സി) അതിന്റെ പണി എപ്പോൾ പൂർത്തിയാവും, എപ്പോൾ അതു് ഗതാഗതത്തിനു് തുറന്നുകൊടുക്കാൻ സാധിക്കും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4 എണ്ണം.

(ബി, സി) ഒലവക്കോട്ട് ഓവർ ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡുകളുടെയും പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഓവർ ബ്രിഡ്ജിന്റെ പണി റെയിൽവെ അധികൃതരാണു നടത്തുന്നതു്. അതു് എന്നു തീരുമെന്നു പറയുക സാദ്ധ്യമല്ല. അപ്രോച്ചു റോഡുകളുടെ പണി 1964 മദ്ധ്യത്തോടുകൂടി പൂർത്തിയാകുന്നതാണു്.

ഓവർ ബ്രിഡ്ജിന്റെ പണി

173. [11] ശ്രീ. കെ. അവുക്കാദർകുട്ടിനഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്കിൽ ഒരു ഓവർ ബ്രിഡ്ജു് കെട്ടുന്നതിനുവേണ്ടി ഈ ഗവണ്മെന്റു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഫറോക്കു് പഞ്ചായത്തിന്റെ ആവശ്യങ്ങൾ അടങ്ങിയ ഒരു മെമ്മോറാണ്ടം പഞ്ചായത്തു പൗരമുന്നണി ബഹുമാനപ്പെട്ട മന്ത്രിക്കു സമർപ്പിച്ചിട്ടുണ്ടോ ;

(സി) അതിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ചു് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടു്?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ടു്.

(സി) ഫറോക്കു്—കരുവാൻതുരുത്തി റോഡും മണ്ണൂർ—കടലുണ്ടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതിനു ഫറോക്കു സ്റ്റേഷനുസമീപം റയിൽവേ വക സ്ഥലം തരുന്നതിനു റയിൽവെ അധികാരികളോടും ആവശ്യപ്പെട്ടു. പക്ഷെ ആ സ്ഥലം വിട്ടുതരുന്നതിനു് സാദ്ധ്യമല്ലെന്നു റയിൽവെ അധികാരികളും അറിയിച്ചു. പഞ്ചായത്തു മുന്നണിയുടെ വേറൊരു നിവേദനം ഫറോക്കു റോഡിന്റെ വീതി കൂട്ടുവാനും ഒരു ബസ്സു് സ്റ്റാൻഡു് നിർമ്മിക്കുന്നതിനു് സ്ഥലം കൊടുക്കുന്നതിനുമാണു്. റോഡു് വീതി കൂട്ടുവാൻ ആവശ്യമായ സ്ഥലമെടുപ്പു നടപടികളും ഇതുവരെയും പൂർത്തിയായിട്ടില്ല. ബസ്സു് സ്റ്റാൻഡിനു് ആവശ്യമായ സ്ഥലം വിട്ടുകൊടുപ്പാൻ ഇപ്പോഴും നിവ്വാഹമില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 31-1-1964

സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിലെ സ്റ്റാഫിന്റെ ജാതി തിരിച്ചുള്ള പട്ടിക

174. [2] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റു് ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിൽ എത്ര സെക്ഷൻ ഉണ്ടു് ;

(ബി) ഓരോ സെക്ഷനിലും എത്ര ആളുകൾ ഉണ്ടു്;

(സി) ലേബർ എത്ര, സ്റ്റാഫു് എത്ര ;

(ഡി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക ദയവായി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly